(ബി) ഏതിൽ ആയത് നൽകുന്നതിനുള്ള മാനദണ്ഡം എന്താണെന്നും സംസ്ഥാനത്തെ ഏത്ര ബ്ലോക്കുകൾ ഇപ്രകാരമുള്ള സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഈ സർട്ടിഫിക്കറ്റിന്റെ അഭാവം കാരണം എടക്കാട് ബ്ലോക്ക് പ്രദേശത്ത് പ്രവർത്തിക്കുന്ന കണ്ണൂർ ഐ. ടി. ഐ.-യിൽ പ്രവേശനത്തിന് വരുന്ന തദ്ദേശ ബ്ലോക്കിലെ വിദ്യാർത്ഥികൾക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കണ്ണൂർ ഐ. ടി. ഐ.-യിൽ പ്രവേശനത്തിനെത്തുന്ന എടക്കാട് ബ്ലോക്ക് പ്രദേശത്തെ വിദ്യാർത്ഥികൾക്കും ഗ്രേസ് മാർക്ക് ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഗ്രാമവികസന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇക്കാര്യം പരിശോധിക്കേണ്ടതും നടപടി സ്വീകരിക്കേണ്ടതും എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് വകുപ്പ് ആകയാൽ ഗ്രാമവികസന വകുപ്പിൽനിന്നും നടപടി സ്വീകരിക്കുവാൻ കഴിയുകയില്ല.

കൂവപ്പടി ബ്ലോക്കിൽ ഹരിയാലി പദ്ധതി നടപ്പാക്കാൻ നടപടി

137 [2747] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂവപ്പടി ബ്ലോക്കിൽ ഹരിയാലി പദ്ധതി നടപ്പാക്കുന്നതിൽ വന്നിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തയ്യാറാക്കിയ പദ്ധതികളുടെ വിശദവിവരം വ്യക്തമാക്കുമോ; ബ്ലോക്കിലെ ഏതൊക്കെ പ്രവർത്തികൾക്കാണ് മുൻഗണന നൽകിയിട്ടുള്ളത്;

(സി) ഈ പ്രോജക്ടുകൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച പുരോഗതി അറിയിക്കുമോ;

(ഡി) കൂവപ്പടി ബ്ലോക്കിൽ ഹരിയാലി പദ്ധതി ഉടൻ നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൂവപ്പടി ബ്ലോക്കിൽ ഹരിയാലി പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി തയ്യാറാക്കിയ പ്രോജക്ടിന് 19-7-2005-ൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഉടനെ സ്വീകരിക്കുന്നതാണ്.

(ബി) കൂവപ്പടി ബ്ലോക്കിൽ ഹരിയാലി പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി 838.75 ലക്ഷം രൂപ എസ്റ്റിമേറ്റിൽ 12781 ഹെക്ടർ തരിശുഭൂമിയുടെ വികസനം ലക്ഷ്യമിട്ടാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത ബ്ലോക്കിലെ 20 നീർത്തടങ്ങളുടെ വികസനം കണക്കിലെടുത്താണ് ഇത് തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ ജലസംരക്ഷണം, മണ്ണു സംരക്ഷണം, മഴവെള്ള സംഭരണം, മണ്ണൊലിപ്പ് തടയൽ, വനവൽക്കരണം, മൽസ്യകൃഷി പ്രോൽസാഹനം തുടങ്ങിയ പ്രവർത്തികൾ ഉൾപ്പെടുത്തിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി, ഡി) ഈ പ്രോജക്ടിന് 19-7-2005-ന് 300 ലക്ഷം രൂപയ്ക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കാനുള്ള നടപടി ഉടൻ ആരംഭിക്കുന്നതാണ്.

മാനന്തവാടി താലൂക്കിൽ കാഞ്ഞിരത്തിനാൽ ജോസിന്റെ വസ്തു രജിസ്ട്രേഷൻ

138 [2748] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ കാഞ്ഞിരങ്ങാട് വില്ലേജിൽ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ 238/1 സർവ്വേ നമ്പർ വസ്തുവിൽ 6-11-1967-ന് കാഞ്ഞിരത്തിനാൽ ജോസ് എന്നയാളുടെ പേരിൽ മാനന്തവാടി രജിസ്ട്രാഫീസിൽ ഭൂമി രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ സ്ഥലമാണ് രജിസ്റ്റർ ചെയ്തത്;

(ബി) 4-9-1972-ൽ പ്രസ്തുത വസ്തുവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള രജിസ്ട്രേഷൻ നടന്നിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) 6-11-1967-ൽ കാഞ്ഞിരത്തിനാൽ ജോസ് എന്നയാളുടെ പേരിൽ രജിസ്റ്റർ ചെയ്ത പ്രസ്തുത വസ്തു ബന്ധപ്പെട്ട രജിസ്ട്രാഫീസ് രേഖകൾ പ്രകാരം ഇപ്പോൾ ആരുടെ പേരിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) 2290, 2717 നമ്പർ ആധാരപ്രകാരം 238/1 സർവ്വേ നമ്പരിൽ പ്രസ്തുത താലൂക്കിലെ കാഞ്ഞിരങ്ങാട് വില്ലേജിൽ കാഞ്ഞിരത്തിനാൽ ജോർജിന്റെ ഉടമസ്ഥതയിൽ രജിസ്ട്രാഫീസ് രേഖകൾ പ്രകാരം വസ്തു ഉണ്ടോ; എങ്കിൽ എത്ര ഏക്കർ വസ്തുവുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ വസ്തുവുമായി ബന്ധപ്പെട്ട് കുടിക്കട സർട്ടിഫിക്കറ് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നുവരെയുള്ള കുടിക്കട സർട്ടിഫിക്കറ് ആണ് നൽകിയത്, ഇതിൽ ഏതെങ്കിലും തരത്തിലുള്ള ബാദ്ധ്യതകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. മാനന്തവാടി സബ് രജിസ്ട്രാർ ആഫീസിലെ 2717/67-ാം നമ്പർ ആധാരപ്രകാരം 6-11-1967-ന് കുട്ടനാട് ഗാർഡൻ ലിമിറ്റഡ് എന്ന കമ്പനി കാഞ്ഞിരത്തിനാൽ ജോസിന് എഴുതിക്കൊടുത്തതായി കാണുന്നു. വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിലെ കാഞ്ഞിരങ്ങാട് വില്ലേജിൽ സർവ്വേ 238/1-ൽ 12 ഏക്കർ (4 ഹെക്ടർ 81 ആർ) വസ്തു ആണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ബി) ഉണ്ട്. മേൽപ്രകാരം 2717/67 ലഭിച്ച വസ്തുവിൽനിന്നും 6 ഏക്കർ ഭൂമി (രണ്ട് ഹെക്ടർ 40 ആർ) 4-9-1972-ൽ 2290/72-ാം നമ്പർ ആധാരപ്രകാരം കാഞ്ഞിരത്തിനാൽ ജോസ്, കാഞ്ഞിരത്തിനാൽ ജോർജിന് ധനനിശ്ചയം ചെയ്തുകൊടുത്തു.

(സി) കാഞ്ഞിരങ്ങാട് വില്ലേജിലെ സർവ്വെ നമ്പർ 238/1-ലെ വസ്തു ഇപ്പോൾ വെള്ളമുണ്ട സബ് രജിസ്ട്രാർ ഓഫീസിന്റെ പരിധിയിലാണ്. മാനന്തവാടി, വെള്ളമുണ്ട സബ് രജിസ്ട്രാർ ഓഫീസുകളിലെ രേഖകൾ പ്രകാരം 6 ഏക്കർ വസ്തു കാഞ്ഞിരത്തിനാൽ ജോസിന്റെയും 6 ഏക്കർ വസ്തു കാഞ്ഞിരത്തിനാൽ ജോർജിന്റെയും പേരിലാണ്.

LIBRARY ARCHIVES Kerala Legislative Assembly